ഇന്ത്യ-അർമേനിയ ഫോറിൻ ഓഫീസ് കൺസൾട്ടേഷനുകളുടെ 12-ാം റൗണ്ട് (ഒക്ടോബർ 29, 2026)

2026 ഒക്ടോബർ 29 ന് ന്യൂഡൽഹിയിൽ 12-ാമത് റൗണ്ട് ഇന്ത്യ-അർമേനിയ ഫോറിൻ ഓഫീസ് കൺസൾട്ടേഷൻ (എഫ്ഒസി) നടന്നു.ഇന്ത്യൻ പ്രതിനിധി സംഘത്തെ സെക്രട്ടറി (വെസ്റ്റ്) അംബാസഡർ സിബി ജോർജും, അർമേനിയൻ പ്രതിനിധി സംഘത്തെ അർമേനിയ റിപ്പബ്ലിക്കിന്റെ ഡെപ്യൂട്ടി വിദേശകാര്യ മന്ത്രി മിസ്റ്റർ മ്ലാത്സകൻ സഫാരിയനും നയിച്ചു. എഫ്ഒസി-യുടെ മുൻ റൗണ്ട് 2025 നവംബർ 7-ന് അർമേനിയയിൽ നടന്നു.

2.ഇന്ത്യയും അർമേനിയയും തമ്മിൽ ഊഷ്മളവും സൗഹൃദപരവുമായ ബന്ധമാണുള്ളത്; രാഷ്ട്രീയ, ഔദ്യോഗിക തലങ്ങളിൽ പതിവായുള്ള ആശയവിനിമയങ്ങൾ ഈ ബന്ധത്തിന്റെ സവിശേഷതയാണ്. 2027-ൽ ഇരുരാജ്യങ്ങളും തമ്മിലുള്ള നയതന്ത്രബന്ധം സ്ഥാപിതമായതിന്റെ 35-ാം വാർഷികം വന്നെത്തും.

3. എഫ്ഒസി-യുടെ ഭാഗമായി, ഉന്നതതല സന്ദർശനങ്ങളും കൈമാറ്റങ്ങളും, വിവിധ സ്ഥാപന സംവിധാനങ്ങൾക്ക് കീഴിലുള്ള ഇടപെടലുകൾ, വ്യാപാരം, നിക്ഷേപം, ശാസ്ത്ര-സാങ്കേതികവിദ്യ, എഐ, വിദ്യാഭ്യാസം, ഭീകരവിരുദ്ധ പ്രവർത്തനം, സംസ്കാരം, ജനങ്ങൾ തമ്മിലുള്ള ബന്ധം തുടങ്ങിയ മേഖലകളിലെ സഹകരണം ഉൾപ്പെടെ, ഉഭയകക്ഷി ബന്ധങ്ങളുടെ സമസ്ത വശങ്ങളും ഇരുപക്ഷവും അവലോകനം ചെയ്തു.

4.ബഹുമുഖ വേദികളിലെ സഹകരണം ഉൾപ്പെടെ പരസ്പര താൽപ്പര്യമുള്ള പ്രാദേശിക, ആഗോള വിഷയങ്ങളിൽ ഇരുപക്ഷവും കാഴ്ചപ്പാടുകൾ കൈമാറി.

5.അർമേനിയയിൽ, ഇരുപക്ഷത്തിനും സൗകര്യപ്രദമായ ഒരു തീയതിയിൽ വിദേശകാര്യ മന്ത്രാലയതല കൂടിയാലോചനകളുടെ അടുത്ത ഘട്ടം നടത്താൻ ധാരണയായി.

ന്യൂഡൽഹി

ഒക്ടോബർ 29, 2026